I/205424/2022

"ഭരണഭാഷ – മാതൃഭാഷ"

**വ്യാവസായിക പരിശീലനവകുപ്പ്**

(കേരളസംസ്ഥാനം)

ട്രെയിനിംഗ് ഡയറക്ടറേറ്റ്, ലേബർ കോംപ്ലക്സ്, വികാസ് ഭവൻ.പി.ഒ, തിരുവനന്തപുരം

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**

**(നിലവിൽ: ഹസീന.പി.എസ്)**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- ട്രെയിനിംഗ് ഡയറക്ടറേറ്റ്- ജീവനക്കാര്യം- യു.ഡി സ്റ്റോർ കീപ്പർ തസ്തികയിൽ ഉദ്യോഗകയറ്റം അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:- 1.19.07.2022 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.

2.സ.ഉ(സാധാ) നം.846/2022/LBR തീയതി.18.07.2022.

3.19.07.2022 തീയതിയിലെ DT/1065/2021-A9 നമ്പർ ഉത്തരവ്.

4.29-07-2022 തീയതിയിലെ DT/208/2019-A9(1) നമ്പർ ഉത്തരവ്

5.01.10.2019 തീയതിയിലെ DT/2493/2019-A9 നമ്പർ ഉത്തരവ്.

**ഉത്തരവ് നമ്പർ: DT/208/2019-A9 തീയതി: 29-07-2022**

വകുപ്പിൽ , യു.ഡി സ്റ്റോർ കീപ്പർ തസ്തികയിൽ നിലവിലുണ്ടായിരുന്ന ഒഴിവുകളിലേയ്ക്ക് പരാമർശം(1) പ്രകാരം ഉദ്യോഗകയറ്റം അനുവദിക്കുകയും, **ചെങ്ങന്നൂർ(വ) ഐ.ടി.ഐ** യിലെ ഒഴിവ് SC/ST പ്രത്യേക നിയമനത്തിനായി ഒഴിച്ചിടുകയും ചെയ്തിരുന്നു. എന്നാൽ, ചെങ്ങന്നൂർ ഐ.ടി.ഐ യിലാണ് യു.ഡി സ്റ്റോർ കീപ്പർ തസ്തികയിൽ ഒഴിവ് നിലവിലുള്ളത്. മേൽ സാഹചര്യത്തിൽ പരാമർശം(1) ഉത്തരവിൽ **ചെങ്ങന്നൂർ (വ) ഐ.ടി.ഐ** എന്ന് രേഖപ്പെടുത്തിയിരിക്കുന്നത് **ചെങ്ങന്നൂർ ഐ.ടി.ഐ** എന്ന് തിരുത്തി ഉത്തരവാകുന്നു. മേൽ ഭേദഗതിയോടെ പരാമർശ ഉത്തരവ് നിലനിൽക്കുന്നതാണ്.

പരാമർശം(2) സർക്കാർ ഉത്തരവ് പ്രകാരം , ചാലക്കുടി ഐ.ടി.ഐ യിലെ സ്പെഷ്യൽ ഗ്രേഡ് സ്റ്റോർകീപ്പർ തസ്തികയും കണ്ണൂർ ഐ.ടി.ഐ യിലെ യു.ഡി സ്റ്റോർകീപ്പർ തസ്തികയും പരസ്പരം മാറ്റി ഉത്തരവാകുകയും, ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ , പരാമർശം(3) പ്രകാരം സ്പെഷ്യൽ ഗ്രേഡ് സ്റ്റോർകീപ്പർ തസ്തികയിലേയ്ക്ക് സ്ഥാനകയറ്റം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. മേൽ പ്രകാരം സ്ഥാനകയറ്റം അനുവദിച്ചതിന് ശേഷം ചാലക്കുടി ഐ.ടി.ഐ യിൽ യു.ഡി സ്റ്റോർ കീപ്പർ തസ്തികയിൽ ഒരു ഒഴിവ് നിലവിൽ വന്നിട്ടുണ്ട്. **ടി ഒഴിവ് SC/ST പ്രത്യേക**

I/205424/2022

**നിയമനത്തിനായി ഒഴിച്ചിടുന്നു.**

പരാമർശം(1) ഉത്തരവ് പ്രകാരം മണലൂർ ഐ.ടി.ഐ യിലെ എൽ.ഡി സ്റ്റോർ കീപ്പർ ശ്രീ.സുരേഷ്.ഇ.റ്റി. ക്ക് യു.ഡി സ്റ്റോർ കീപ്പർ തസ്തികയിൽ ഉദ്യോഗക്കയറ്റം അനുവദിച്ച് മലമ്പുഴ ഐ.ടി.ഐ യിൽ നിയമിക്കുകയും, പരാമർശം(4) പ്രകാരം മേൽ സ്ഥാനകയറ്റം ഒരു വർഷത്തേയ്ക്ക് നിരാകരിക്കുകയും ചെയ്തിട്ടുണ്ട്. ആയത് മുഖേനെ മലമ്പുഴ ഐ.ടി.ഐ യിൽ യു.ഡി സ്റ്റോർ കീപ്പർ തസ്തികയിൽ ഒഴിവ് നിലവിൽ വന്നിട്ടുണ്ട്.

വകുപ്പിൽ യു.ഡി സ്റ്റോർ കീപ്പർ തസ്തികയിൽ, മേൽ പ്രകാരം നിലവിലുള്ള ഒഴിവുകളിലേയ്ക്ക് , പരാമർശം(5) പ്രകാരമുള്ള എൽ.ഡി സ്റ്റോർ കീപ്പർ തസ്തികയിലെ അന്തിമ സീനിയോരിറ്റി ലിസ്റ്റിലെ ചുവടെ ചേർക്കുന്ന ജീവനക്കാർക്ക് , KS&SSR Rule 28 (b) (ii) പ്രകാരം 35600-74000 രൂപ ശമ്പള നിരക്കിൽ താത്കാലികമായി ഉദ്യോഗകയറ്റം നൽകി ഉത്തരവാകുന്നു.

| ക്രമ നം. | സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നം. | പേര്/തസ്തിക | ഉദ്യോഗക്കയറ്റം അനുവദിച്ച് നിയമിക്കുന്ന സ്ഥാപനം | റിമാർക്ക്സ് |
|---|---|---|---|---|
| 1 | 100 | ശ്രീ. ബിജു.കെ.എം, എൽ.ഡി സ്റ്റോർ കീപ്പർ, ഐ.ടി.ഐ മാറഞ്ചേരി | ഐ.ടി.ഐ.മലമ്പുഴ | |
| 2 | 102 | രാജൻ.ജെ , എൽ.ഡി സ്റ്റോർ കീപ്പർ, ഐ.ടി.ഐ ആര്യനാട് | ഐ.ടി.ഐ.ചെങ്ങന്നൂർ | |

മേൽ ജീവനക്കാരെ വിടുതൽ ചെയ്യുന്നതും, സേവനത്തിൽ പ്രവേശിപ്പിച്ചതുമായ വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്. 2022 വർഷത്തെ പൊതുസ്ഥലം മാറ്റത്തിനുള്ള അപേക്ഷകൾ അർഹതയുടെ അടിസ്ഥാനത്തിൽ പരിഗണിക്കുമ്പോൾ മേൽ ജീവനക്കാർക്ക് നിയമനം അനുവദിച്ചിട്ടുള്ള സ്ഥാപനം പുനപരിശോധിക്കുന്നതാണ്.

(ഒപ്പ്)

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

**സ്വീകർത്താവ്:-**

ബന്ധപ്പെട്ട ജീവനക്കാർ (സ്ഥാപന മേധാവി മുഖേനെ)

**പകർപ്പ്:-**

1.ബന്ധപ്പെട്ട സ്ഥാപനമേധാവികൾ

2.വകുപ്പ് വെബ്സൈറ്റ്

3. കരുതൽ ഫയൽ

//ഉത്തരവിൻ പ്രകാരം//

Rejis

സീനിയർ സൂപ്രണ്ട്